പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2012 — 04.05.2017 ൽ മറുപടിക്ക്

**ശബരിമല തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്ന പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, വി.ഡി.സതീശൻ<br>, കെ.മുരളീധരൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ശബരിമല തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്ന പദ്ധതികളുടെ മാസ്റ്റർ പ്ലാനിന് ഉന്നതാധികാരസമിതി അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. സന്നിധാനത്ത് അഞ്ച് ദശലക്ഷം ലിറ്റർ ശേഷിയുള്ള മാലിന്യ സംസ്കരണ പ്ലാന്റ്, അയ്യപ്പ ഭക്തൻ മാർക്ക് വിശ്രമിക്കുന്നതിനും ക്യൂ നിൽക്കുന്നതിനുമുള്ള ക്യൂ കോംപ്ലക്സുകൾ,സന്നിധാനത്ത് ഒരേസമയം 4000 പേർക്ക് അന്നദാനം നൽകുന്നതിനുള്ള അന്നദാന മണ്ഡപം, പമ്പയിലെ അന്നദാന മണ്ഡപം, റസ്റ്റോറന്റ് ബ്ലോക്ക്,നിലയ്ക്കലിൽ അയ്യപ്പ ഭക്തൻമാർക്ക് വിശ്രമിക്കാനുള്ള പിൽഗ്രിം ഷെൽട്ടറുകൾ,പാർക്കിംഗ് ഗ്രൗണ്ട് തുടങ്ങിയ വിവിധ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) സന്നിധാനത്ത് ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) കുന്നാർ ഡാമിന്റെ ഉയരം കൂട്ടി അവിടെ നിന്നും കൂടുതൽ ജലം പമ്പ് ചെയ്ത് ശബരിമലയിൽ എത്തിക്കുന്ന തിനുള്ള അനുവാദം കേന്ദ്ര വന്യ ജീവി ബോർഡിൽ നിന്ന് ലഭിക്കാത്തതിനാൽ, ഇപ്പോൾ ഗ്രൗണ്ട് ലവൽ വാട്ടർ ടാങ്കുകൾ ആവശ്യാനുസരണം നിർമ്മിച്ച് വെള്ളം ശേഖരിക്കുകയും വിതരണം ചെയ്യുകയുമാണ്. കൂടാതെ പമ്പയിലും നിലയ്ക്കലിലും ആവശ്യാനുസരണം ശുദ്ധജല വിതരണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികൾക്ക് എന്ത് തുക വീതം 2016- 2017 കാലയളവിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) കേന്ദ്ര ടൂറിസം വകുപ്പിന്റെ സ്പിരിച്വൽ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി 99.9892 കോടി രൂപയും, 6.30 കോടിയും അനുവദിച്ചതിൽ ആദ്യ ഗഡുവായി യഥാക്രമം 19,61,69,400/- രൂപയും 1,23,60,000/- രൂപയും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ